തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്

# HANDBOOK

# ന്യൂ ലൈഫ്

## ലക്ഷം വീട് നവീകരണ പദ്ധതി



തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്

# ന്യൂ ലൈഫ്

ലക്ഷം വീട് നവീകരണ പദ്ധതി

തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്

ന്യൂ ലൈഫ്
ലക്ഷം വീട് നവീകരണ പദ്ധതി

# ന്യൂ ലൈഫ് പദ്ധതിക്ക് ആശംസകൾ





**ശ്രീ. എ.സി മൊയ്തീൻ**
ബഹു. തദ്ദേശ സ്വയം
ഭരണ വകുപ്പ് മന്ത്രി

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
ബഹു. ടൂറിസം ദേവസ്വം
സഹകരണ വകുപ്പ് മന്ത്രി

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തുകൾ സംയുക്തമായി ഏറ്റെടുത്തു നടത്തുന്ന ന്യൂ ലൈഫ് പദ്ധതിക്ക് ആശംസകൾ

തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്

ന്യൂ ലൈഫ്

ലക്ഷം വീട് നവീകരണ പദ്ധതി



# ആമുഖം

കേരളത്തിലുടനീളമുള്ള ഭവനരഹിതരായ ജനങ്ങൾക്ക് അത്താണിയായി മാറിയതാണ് M.N ലക്ഷം വീട് പദ്ധതി. അന്നു രണ്ടു കുടുംബങ്ങൾ ഒരു മേൽക്കൂരക്ക് താഴെ താമസിക്കുന്ന തരത്തിൽ ഇരട്ട വീടുകളായിട്ടാണ് നിർമ്മിച്ചു നൽകിയത്. 1996-2000 കാലഘട്ടത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഒറ്റ വീടുകളാക്കി മാറ്റി കൊണ്ട് പുനർ നിർമ്മാണം നടത്തുകയുണ്ടായി. കാല പ്രവാഹത്തെ അതിജീവിച്ച് ഇന്നും നിലനിൽക്കുന്ന പ്രസ്തുത ലക്ഷം വീടുകളിൽ പലതും ജീർണ്ണാവസ്ഥയിലാണ്. ഇത്തരം ലക്ഷം വീട് കോളനിയുടെ സമഗ്രമായ പുനരുദ്ധാരണമാണ് ന്യൂലൈഫ് സമഗ്ര കോളനി നവീകരണ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഓരോ ഗ്രാമ പഞ്ചായത്തിലും ഒരു ലക്ഷം വീട് കോളനി വീതം പുനരുദ്ധരിക്കുകയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ശുചിമുറി, നടപ്പാത എന്നിവയുടെ നിർമ്മാണം, ശുചിത്വ മിഷൻ മുഖേന ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ, സമ്പൂർണ്ണ വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ എന്നിവ ഉൾപ്പെടുത്തിയുള്ള സമഗ്ര കോളനി പുനരുദ്ധാരണമാണ് ന്യൂലൈഫിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ സംയുക്തമായാണ് പദ്ധതി നിർവ്വഹണം വിഭാവനം ചെയ്തിട്ടുള്ളത്. ഏതാനും ഗ്രാമ പഞ്ചായത്തിൽ ഇപ്പോഴും നിലവിലുള്ള ഇരട്ട വീടുകൾ പുനരുദ്ധാരണം നടത്തി ഒറ്റ വീടാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. കേരള സംസ്ഥാന സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫിനോടൊപ്പം ന്യൂലൈഫ് എന്ന പദ്ധതിയായി ഉൾപ്പെടുമ്പോൾ കേരളം ഭവനരഹിതരില്ലാത്ത സംസ്ഥാനമായി മാറും. അതിലൂടെ ശുചിത്വവും ആരോഗ്യവും സംരക്ഷണവും ഉറപ്പ് നൽകുന്ന വീട് എന്ന സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാട് സമസ്ത മലയാളികൾക്കും അനുഭവഭേദ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**വി.കെ. മധു**
പ്രസിഡന്റ്,
ജില്ലാപഞ്ചായത്ത് തിരുവനന്തപുരം

തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്

ന്യൂ
ലൈഫ്
ലക്ഷം വീട് നവീകരണ പദ്ധതി



## സന്ദേശം

### അഡ്വ. എ. ഷൈലജ ബീഗം

വൈസ് പ്രസിഡന്റ്,
ജില്ലാപഞ്ചായത്ത് തിരുവനന്തപുരം

2019-20 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'ന്യൂ ലൈഫ് - സമഗ്ര കോളനി നവീകരണം.' കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയ്ക്ക് ഉത്തേജനം നൽകുന്ന പദ്ധതിയാണിത്. ഭവനരഹിതരായ ജനവിഭാഗങ്ങൾക്ക് ഭവനം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിയ M.N ലക്ഷം വീട് കോളനിയുടെ പുനരുദ്ധാരണമാണ് ന്യൂലൈഫ് എന്ന പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ലക്ഷം വീട് പലതും അറ്റകുറ്റപ്പണി നടത്താതെ വാസയോഗ്യമില്ലാത്ത അവസ്ഥയിലാണ്. ആയതിനാൽ ന്യൂലൈഫ് പദ്ധതിയിലുൾപ്പെടുത്തി ജില്ലയിലെ എല്ലാ ലക്ഷം വീടുകളും പുനരുദ്ധരിച്ച് വാസയോഗ്യമാക്കുന്നതിലൂടെ കേരളം സമ്പൂർണ്ണ പാർപ്പിട സംസ്ഥാനം എന്ന ലക്ഷ്യത്തിലേക്ക് അടുക്കുകയാണ്. ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ജനറൽ, എസ്.സി വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്ക് ശുചിമുറിയും നടപ്പാതയും മാലിന്യസംസ്കരണ സംവിധാനങ്ങളും, സമ്പൂർണ്ണ കുടിവെള്ള വൈദ്യുതീകരണം ഉൾപ്പെടെയുള്ള സമഗ്ര പുനരുദ്ധാരണവുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## സന്ദേശം

### വൈ. വിജയകുമാർ

പ്രോജക്റ്റ് ഡയറക്ടർ
ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം
തിരുവനന്തപുരം



സംസ്ഥാനത്തെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പല ഭവന നിർമ്മാണ ഭവനപുനരുദ്ധാരണ പദ്ധതികളും വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പാർപ്പിട സൗകര്യം ഒരുക്കുന്നതിനോടൊപ്പം മറ്റുള്ള അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കേത് ജനങ്ങളുടെ പുരോഗതിയ്ക്ക് അനിവാര്യമാണെന്ന കണ്ടെത്തലാണ് സമഗ്ര ലക്ഷം വീട് വികസനം അഥവാ 'ന്യൂ ലൈഫ്' എന്ന പദ്ധതിയുടെ അടിസ്ഥാനം. ലക്ഷം വീട് കോളനികളിലെ ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കു പുറമെ കുടിവെള്ളം, ആരോഗ്യം, ശുചിത്വം, ഗതാഗതം തുടങ്ങിയ എല്ലാ മേഖലകളിലെയും സമഗ്രമായ പുരോഗതി കൈവരിയ്ക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സമന്വയിപ്പിച്ചു കൊണ്ട് തിരുവനന്തപുരം ജില്ലയിലെ ത്രിതല പഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയായ 'ന്യൂ ലൈഫ്' സംസ്ഥാനമൊട്ടാകെ ഒരു മാതൃകയായി മാറുമെന്ന കാര്യത്തിൽ സംശയമില്ല.

തിരുവനന്തപുരം
ജില്ലാപഞ്ചായത്ത്

ന്യൂ ലൈഫ്
ലക്ഷം വീട് നവീകരണ പദ്ധതി

സംസ്ഥാനത്ത് ആദ്യമായി പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തിയ സാമൂഹിക ഇടപെടലിന്റെ ഭാഗമായാണ് 1972 ൽ ലക്ഷം വീട് പദ്ധതി ആവിഷ്ക്കരിച്ചത്. പട്ടികജാതി / പട്ടിക വർഗ്ഗം / മറ്റ് ദുർബല ജനവിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഭൂരഹിത കർഷക തൊഴിലാളി കുടുംബങ്ങളായിരുന്നു ഇതിന്റെ ഗുണഭോക്താക്കൾ. ഇത്തരത്തിൽ നിർമ്മിക്കപ്പെട്ട



ഭവനത്തിൽ ഒരു ചുവരിന് ഇരു വശത്തുമായി രണ്ട് കുടുബങ്ങൾക്കാണ് താമസ സൗകര്യം നൽകിയിരുന്നത്. എം.എൻ ലക്ഷം വീട് ഭവന പദ്ധതിയിൽപ്പെട്ട കുടുംബങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി ഭവനങ്ങൾ വാസയോഗ്യമാക്കി നിലനിർത്തുവാൻ കഴിയാതെ വന്നതും ഒരു ചുവരിന്റെ ഇരു വശങ്ങളിലും താമസിച്ചിരുന്നവർ ഭവനം ഒരു പോലെ സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയതും കാരണം ഭവനങ്ങളിൽ പലതും വാസയോഗ്യമല്ലാതായി മാറിയിരുന്നു. 1998-99 ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ ഒരു സംയുക്ത പ്രോജക്ടാണ് ഒറ്റ വീടുകളായിരുന്ന ലക്ഷം വീടുകളെ ഇരട്ട വീടുകളായി പുനർനിർമ്മിച്ച ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി. ഇത്തരത്തിൽ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി ജില്ലയിലെ ലക്ഷം വീടുകളെ ഇരട്ട വീടുകളാക്കി പുനർ നിർമ്മിക്കുകയുായി. യൂണിറ്റ് കോസ്റ്റിന്റെ പരിമിതി കാരണം വീടുകൾ താമസയോഗ്യമാക്കുക മാത്രമാണ് അക്കാലത്ത് ചെയ്തത്. കുറവുകൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിരുന്നില്ല. സാമ്പത്തിക പരാധീനത കാരണം ഗുണഭോക്താക്കൾക്കും ഇവ പരിഹരിക്കുന്നതിന് സാധിച്ചിട്ടില്ല. ഇക്കാരണത്താൽ നിലവിൽ വീടുകളിൽ പലതും ചോർന്നൊലിച്ച് വാസയോഗ്യമല്ലാതായിട്ടുണ്ട്. ഈ വീടുകളുടെ ശോചനീയാവസ്ഥക്ക് പരിഹാരം കാണുന്നതിന് സാമൂഹിക ഇടപെടൽ അനിവാര്യമായിട്ടുണ്ട്. അതോടൊപ്പം വീടുകളിൽ ശുചിത്വം, കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ ഉറപ്പാക്കി കോളനികളിലെ നടപ്പാതകൾ സംരക്ഷിച്ച് സഞ്ചാരയോഗ്യമാക്കി തീർക്കുന്നതിന് അടിയന്തിര ശ്രദ്ധ ആവശ്യമാണ. മേൽ പറഞ്ഞ അടിസ്ഥാന വികസനത്തോടൊപ്പം കോളനി നിവാസികളുടെ വ്യക്തിഗതവും



മാനുഷികവും സാമൂഹ്യവുമായ വികസനം കൂടി ഉൾച്ചേർക്കേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ മുൻ നിർത്തി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തുകൾ സംയുക്തമായി ഏറ്റെടുക്കുന്ന ഒരു ജില്ലാ പദ്ധതിയാണ് സമഗ്ര ലക്ഷം വീട് കോളനി വികസന പദ്ധതി അഥവാ ന്യൂ ലൈഫ്. ഇതിന് 2 ഘട്ടങ്ങളാണ് ഉള്ളത്. അതിൽ ഒന്നാമതായി വ്യക്തിഗത ഭവന പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, കുടിവെള്ളം, വൈദ്യുതി ഇവയും രണ്ടാം ഘട്ടമായി പൊതുവഴികൾ സഞ്ചാരയോഗ്യമാക്കി സംരക്ഷിക്കൽ, പൊതു ഭൗതിക സൗകര്യങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള സംവിധാനങ്ങളും സാധ്യമാക്കുന്നു. ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കുന്ന ഈ പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾ നേരിട്ട് നിർവ്വഹണം നടത്തുന്നു.





## ലക്ഷ്യങ്ങൾ

1. ഇരട്ട വീടുകളാക്കിയ ലക്ഷം വീടുകളെ വാസയോഗ്യമായ തരത്തിൽ പുനരുദ്ധാരണം നടത്തുന്നു.
2. വീടിനോടനുബന്ധിച്ച് നിലവിലുള്ള കക്കൂസുകളെ പുതുക്കി പണിയുന്നു. കക്കൂസില്ലാത്ത വീടുകളിൽ പുതിയത് പണിയുന്നു.
3. വീടുകളിൽ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നു.
4. പൊതു കുടിവെള്ള വിതരണ സംവിധാനം സാധ്യമാക്കുന്നു.
5. കോളനികളിലെ നടപ്പാതകൾ സഞ്ചാരയോഗ്യമാക്കി തീർക്കുന്നു.
6. വിവിധ വകുപ്പ് / പദ്ധതികളുടെ സമന്വയത്തിലൂടെ പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തി കോളനി കളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നു.
7. കോളനികളിൽ താമസിക്കുന്നവരുടെ ജീവനോപാധികൾ ഉറപ്പ് വരുത്തുന്നതിനുള്ള വരുമാന ദായക സംരംഭങ്ങൾ രൂപീകരിക്കന്നതിനുള്ള ഇടപെടൽ ത്രിതല പഞ്ചായത്തു കളുടെയും വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളുടെയും സമന്വയത്തിലൂടെ സാധ്യമാകുന്നു.
8. കോളനി നിവാസികളുടെ വ്യക്തിഗതവും മാനുഷികവും സാമൂഹികവുമായ വികസനം ഉറപ്പാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ / ഏജൻസികൾ സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരുടെ സഹായത്തോടെ ഏറ്റെടുക്കുന്നു.

## ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ

**1.** പുനരുദ്ധാരണം നടത്തേണ്ട വീടുകളിൽ താമസിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കണം എന്നാൽ വാടകയ്ക്ക് നൽകിയിട്ടുള്ള വീടുകളെ ഒഴിവാക്കേണ്ടതാണ്.

**2.** നിലവിൽ ലക്ഷം വീടുകളിൽ താമസിക്കുന്നവർ യഥാർത്ഥ ഗുണഭോക്താവോ അല്ലെങ്കിൽ നിയമാനുസൃത അനന്തരാവകാശികളോ ആണെങ്കിൽ മുൻഗണന നൽകേണ്ട താണ്.

**3.** ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിലൂടെ ലഭിച്ചതാണെങ്കിൽ ബന്ധപ്പെട്ട ഉടമസ്ഥാവകാശം നിയമാനുസൃതമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനത്തിന്റെ ചുമതലയായിരിക്കും. നിലവിൽ പ്രസ്തുത വീടുകളിൽ സ്ഥിരമായി താമസിച്ചുകൊണ്ടിരിക്കുന്നവർക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, റേഷൻകാർഡ് എന്നിവ പരിഗണിച്ച് വീടുകൾ നവീകരണം നടത്താവുന്നതാണ്.

**4.** തദ്ദേശഭരണ സ്ഥാപനത്തിൽ കോളനികളിൽ ഗുണഭോക്താക്കളുടെ അവസ്ഥാ നിർണ്ണയത്തിനായി വിവരശേഖരണം നടത്തേണ്ടതാണ്.

**5.** ജനറൽ / പട്ടികജാതി വിഭാഗം / പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രത്യേകം പ്രോജക്ടുകൾ തയ്യാറേക്കണ്ടതാണ്.

**6.** ഒരു ഗ്രാമപഞ്ചായത്തിൽ ഒന്നിലധികം കോളനികൾ നിലവിലുണ്ടായിരിക്കുകയും എന്നാൽ സമഗ്ര കോളനി വികസനത്തിനായി മുഴുവൻ കോളനികൾക്കും ഒരേ സമയം ആനുകൂല്യം നൽകാൻ കഴിയാത്ത സാഹചര്യമു ണ്ടെങ്കിൽ കോളനികളെ തിരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സമിതികളുടെ നേതൃത്വത്തിൽ പ്രദേശികമായി മാനദണ്ഡം നിശ്ചയിച്ച് മുൻഗണന പട്ടിക തയ്യാറേക്കണ്ടതാണ്.

**7.** സമഗ്രകോളനി വികസനമാകയാൽ ഒരു കോളനിയിലെ അർഹരായ മുഴുവൻ വീടുകളെയും ഒരുമിച്ച് ആനുകൂല്യം നൽകുന്ന തരത്തിൽ മാത്രമേ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടുള്ളൂ.

**8.** കോളനികളിൽ നിലവിൽ എഗ്രിമെന്റ് വച്ച് പുനരുദ്ധാരണ പണികൾ നടത്തുന്നതിന് കഴിയാത്ത കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി അത്തരം ഗുണഭോക്താക്കൾക്ക് തദ്ദേശ ഭരണതലത്തിൽ പണിചെയ്ത് കൊടുക്കുന്നതിന് ആവശ്യമായ നടപടി ഗ്രാമപഞ്ചായത്ത് തലത്തിൽ തീരുമാനിക്കേണ്ടതും അത്തരം ഗുണഭോക്താവിന്റെ തുക പണി ചെയ്യുന്നയാൾക്ക് നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേക കരാറിൽ ഏർപ്പെടേണ്ടതും തുക പ്രവൃത്തി ചെയ്യുന്നയാളിന് നൽകേണ്ടതുമാണ്.



## പ്രവർത്തനങ്ങൾ

**1.** ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവ്വഹണം നടത്തേണ്ട താണ് എന്നാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം നൽകുവാൻ ത്രിതല പഞ്ചായത്തുകൾ സംയുക്തമായി തുക വകയിരുത്തേണ്ടതാണ്.

**2.** നിലവിലുള്ള വീടിന്റെ മേൽക്കൂര ബലപ്പെടുത്തൽ, മേൽക്കൂര പ്ലാസ്റ്ററിംഗ്, പൊട്ടിപ്പൊളിഞ്ഞ ജനൽ, വാതിൽ ഇവ മാറ്റി പുതിയവ സ്ഥാപിക്കൽ, ചുവരുകൾ പൂശൽ, തറ ടൈൽസ് / സിമിന്റ് ഇടൽ, ഉപയോഗ യോഗ്യമല്ലാത്ത കക്കൂസ് ഉണ്ടെങ്കിൽ അവ ഉപയോഗ യോഗ്യമാക്കൽ, ചുമരുകൾ പെയിന്റിംഗ് എന്നിവയ്ക്ക് ധനസഹായം നൽകാവുന്നതാണ്.

**3.** വീടിന്റെ ആവശ്യകതയ്ക്ക് അനുസൃതമായി ഓരോ പ്രവൃത്തിയിനത്തിനും നൽകാവുന്ന പരമാവധി തുക ജില്ലാതലത്തിൽ നിശ്ചയിക്കണം. ഇതിനായി ഒരു rough cost എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്.

**4.** 2019-20 സാമ്പത്തിക വർഷത്തെ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ വീട് വാസയോഗ്യമാക്കൽ നിബന്ധനകൾ ലക്ഷംവീട് പുനരുദ്ധാരണത്തിന് ബാധകമായിരിക്കും.

**5.** പരമാവധി നൽകാവുന്ന ധനസഹായം 2 ലക്ഷം രൂപയായിരിക്കും.

**6.** ധനസഹായം 40:20:40 എന്നീ അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വഹിക്കേണ്ടതാണ്.


**7.** ഗ്രാമപഞ്ചായത്തിൽ നിർവ്വഹണം നടത്തേണ്ട ഒരു വീടിന് 80,000/- രൂപ നിരക്കിൽ വീടുകൾക്ക് ആവശ്യമായ തുക വകയിരുത്തണം. ഈ വിവരം ബ്ലോക്ക് പഞ്ചായത്തിന് നൽകണം. ബ്ലോക്ക് പഞ്ചായത്ത് ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ആവശ്യപ്പെട്ട ഒരു വീടിന് 40,000/- രൂപ ക്രമത്തിൽ വകയിരുത്തണം. ജില്ലാ പഞ്ചായത്ത് ഒരു വീടിന് 80,000/- രൂപ നിരക്കിലും ആവശ്യമായ തുക വകയിരുത്തണം.

**8.** ന്യൂ ലൈഫിൽ ജനറൽ / പട്ടികജാതി വിഭാഗം / പട്ടിക വർഗ്ഗ വിഭാഗം എന്നിവരിൽ ഓരോ വിഭാഗത്തിനും പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കാവുന്നതും അതാത് മേഖലയിലെ തുക ചെലവഴിക്കാവുന്നതുമാണ്.

**9.** കോളനി നിവാസികളുടെ വ്യക്തിഗത ഗ്രൂപ്പ് ജീവനോപാധികളുടെ വികസനവുമായി ബന്ധപ്പെട്ട ആസ്തികളുടെ നിർമ്മാണത്തിനും തൊഴിൽ നൈപുണ്യവും ലഭ്യമാക്കുന്നതിനും മറ്റ് പദ്ധതികൾ / ഏജൻസികളുടെ സഹായത്തോടെ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട വകുപ്പിന്റെ അനുമതിയോടെ നിർവ്വഹണം നടത്തേണ്ടതുമാണ്.


**10.** ഇതിനുപരിയായി കോളനികളിലെ നടപ്പാതകൾ സഞ്ചാര യോഗ്യമാക്കൽ, സാധ്യമായ പ്രദേശങ്ങളിൽ കുടിവെള്ള സ്രോതസ്സുകളുടെ നവീകരണം / നിർമ്മാണം, പൊതു കളിസ്ഥലങ്ങൾ, പാർക്കുകൾ വികസിപ്പിക്കൽ കമ്മ്യൂണിറ്റി ഹാളുകൾ അംഗൻവാടി കെട്ടിടങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവയ്ക്കായി പ്രത്യേകം പ്രോജക്ട് തയ്യാറാക്കേണ്ടതും പദ്ധതി നിർവ്വഹണം മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് ഭരണ സാങ്കേതികാനുമതികൾ ലഭ്യമാക്കേണ്ടതുമാണ്.

## Connectivity and mapping of selected OLH colonies




1. ZIONKUNNU COLONY, VEMBAYAM PANCHAYAT
2. NEDUVELI COLONY, VEMBAYAM PANCHAYAT
3. KUTIYANI COLONY, VEMBAYAM PANCHAYAT
4. KUZHAYKKAD COLONY, POOVACHAL PANCHAYAT
5. PUNNAMMOOD COLONY, POOVACHAL PANCHAYAT
6. THEVARAKUZHI COLONY, POOVACHAL PANCHAYAT
7. KALPANA COLONY, KADINAMKULAM PANCHAYAT
8. KADINAMKULAM COLONY, KADINAMKULAM PANCHAYAT
9. KUVAKKUDY LAKSHAM VEEDU COLONY, VELLANAD PANCHAYAT
10. KULAKODU LAKSHAM VEEDU COLONY, VELLANAD PANCHAYAT
11. ATUKAL LAKSHAM VEEDU COLONY, VELLANAD PANCHAYAT
12. CHANGA LAKSHAM VEEDU COLONY, VELLANAD PANCHAYAT
13. PALLIVETTA COLONY, ARYANAD PANCHAYAT
14. PALEKONAM COLONY, ARYANAD PANCHAYAT
15. MELECHIRA COLONY, ARYANAD PANCHAYAT
16. IDUVA OLHS COLONY, VENGANOOR GRAMAPANCHAYAT
17. MANGALATHKONAM OLHC, VENGANOOR GRAMAPANCHAYAT
18. SISILIPURAM OLHC, VENGANOOR GRAMAPANCHAYAT
19. ANDOORKONAM COLONY, ANDOORKONAM PANCHAYAT
20. KATTACHIRAKONAM COLONY, ANDOORKONAM PANCHAYAT
21. KANIYAPURAM COLONY, ANDOORKONAM PANCHAYAT
22. CHALIL COLONY, ANDOORKONAM PANCHAYAT
23. KOLICHIRA COLONY, AZHOOR PANCHAYAT
24. PANDARAVILA COLONY, AZHOOR PANCHAYAT
25. VALLOTKONAM COLONY, PALLICHAL PANCHAYAT
26. GANDHINAGAR COLONY, PALLICHAL PANCHAYAT
27. VELLOOR COLONY, KALLIYOOR PANCHAYAT
28. POTTAVILLA COLONY, KALLIYOOR PANCHAYAT
29. KAZHUNADU COLONY, KARAKULAM PANCHAYAT
30. THEKUVILA COLONY, KARAKULAM PANCHAYAT
31. VATTAVILA COLONY, KARAKULAM PANCHAYAT
32. MUKOLA COLONY, KARAKULAM PANCHAYAT
33. PALOTTUKONAM LAKSHAM VEEDU COLONY, POTHENCODE PANCHAYAT
34. NELIVILA COLONY, BALARAMAPURAM PANCHAYAT
35. OFFICE WARD LAKSHAM VEEDU COLONY, BALARAMAPURAM PANCHAYAT
36. PARAKKUZHI LAKSHAM VEEDU COLONY, BALARAMAPURAM PANCHAYAT
37. NATRACHIRA LAKSHAM VEEDU COLONY, ARUVIKARA PANCHAYAT
38. MUNDELA MAVOOKONAM COLONY, ARUVIKARA PANCHAYAT
39. IRAYAMCODE LAKSHAM VEEDU COLONY, ARUVIKARA PANCHAYAT
40. ARIVIKARA LAKSHAM VEDU COLONY, ARUVIKARA PANCHAYAT
41. VATTAKOLAM AKSHARA NAGAR COLONY, ARUVIKARA PANCHAYAT
42. MADAVOOR LAKSHAM VEEDU COLONY I, MADAVOOR PANCHAYAT
43. MADAVOOR LAKSHAM VEEDU COLONY II, MADAVOOR PANCHAYAT
44. ALUVILAPURAM COLONY, ELAKAMON PANCHAYAT
45. PANIL LAKSHAM VEEDU COLONY, ELAKAMON PANCHAYAT
46. E P COLONY, ELAKAMON PANCHAYAT
47. KUNNUMPURAM COLONY, ELAKAMON PANCHAYAT
48. CHARUMKUZHI COLONY, ELAKAMON PANCHAYAT
49. AAKEYVILA COLONY, ELAKAMON PANCHAYAT
50. PUTHANVILA LAKSHAM VEEDU COLONY, EDAVA PANCHAYAT
51. PARAYIL LAKSHAM VEEDU COLONY, EDAVA PANCHAYAT
52. MANTHARA LAKSHAM VEEDU COLONY, EDAVA PANCHAYAT
53. KURUVILA LAKSHAM VEEDU COLONY, EDAVA PANCHAYAT
54. KARYAKUNNU LAKSHAM VEEDU COLONY, VITHURA PANCHAYAT

## Base map of Nanniyode Panchayat and Chonanvila Colony







**11.** വിവധ വകുപ്പുകൾ / ഏജൻസികൾ / സ്ഥാപനങ്ങൾ / സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ വ്യക്തിഗത മൂല്യങ്ങൾ, സാംസ്കാരിക പാരമ്പര്യം, പെരുമാറ്റ രീതിയിലുള്ള മാറ്റം എന്നീ സാധ്യമാക്കാനുതകുന്ന വ്യക്തിഗത വികസനത്തിനും വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം, സാമൂഹിക സുരക്ഷ എന്നിവ ഉറപ്പാക്കാനുതകുന്ന മാനുഷിക വികസനത്തിനും സാമൂഹിക വികസനത്തിന്റെ ഭാഗമായ സന്നദ്ധ പ്രവർത്തനം , സാമൂഹിക മൂല്യങ്ങൾ, സദാചാര നീതി തുടങ്ങിയവ സംബന്ധിച്ച അവബോധ പ്രവർത്തനങ്ങളും പ്രായോഗിക പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

**12.** എം.എൻ ലക്ഷം വീട് ഭവന പുനരുദ്ധാരണത്തിന് തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ ജനകീയാസൂത്രണ സബ്സിഡി മാനദണ്ഡ പ്രകാരം അർഹതയുള്ളവർ ആയിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഒരു ബോധവത്ക്കരണ പരിശീലനം ബ്ലോക്ക്തലത്തിൽ നൽകേണ്ടതാണ്.

**13.** അർഹരായവർ നിർവ്വഹണ ഉദ്യോഗസ്ഥരുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ കാലാവധി പരമാവധി 6 മാസം ആയരിക്കും. ഗുണഭോക്താവ് നിർമ്മാണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ട രേഖകൾ.



1) വീടിന്റെ ഉടമസ്ഥാവകാശ/കൈവശാവകാശ സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്തിൽ നിന്നും.
2) റേഷൻകാർഡിന്റെ പകർപ്പ്
3) ആധാർ കാർഡിന്റെ പകർപ്പ്
4) ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്
5) 200 രൂപ മുദ്രപത്രം



## സംഘടനാ സംവിധാനം / നിർവ്വഹണം

തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ഭവന നിർമ്മാണ പ്രോജക്ടുകളുടെ നിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥൻ വി.ഇ.ഒ യായിരിക്കും എന്നാൽ ഓരോ ഘട്ടത്തിന്റെയും സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ചുമതല അതാത് സർക്കിളുകളിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ആയിരിക്കും. പൂർത്തീകരണ സമയത്ത് വാല്യുവേഷൻ നൽകേണ്ടത് തദ്ദേശ ഭരണ സ്ഥാപനത്തിലെ ഓവർസിയർ / എഞ്ചിനീയർ ആയിരിക്കും.

**1.** പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി രൂപീകരണം :

നിർവ്വഹണത്തിനായി ഗ്രാമ പഞ്ചായത്ത് തലത്തിൽ ഒരു പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണം, ആയതിൽ താഴെപ്പറയുന്നവർ അംഗങ്ങൾ ആയിരിക്കും.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് : ചെയർപേഴ്സൺ

ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശത്തെ ജില്ലാ പഞ്ചായത്ത് അംഗം : കോ ചെയർമാൻ

ഭവന നിർമ്മാണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ : മെമ്പർ

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ബ്ലോക്ക് ഡിവിഷൻ മെമ്പർമാർ : മെമ്പർ

തദ്ദേശ ഭരണസ്ഥാപനത്തിലെ എഞ്ചിനീയർ / ഓവർസിയർ : മെമ്പർമാർ

നവീകരണം നടത്തുന്ന കോളനികളിലെ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ : മെമ്പർമാർ

നവീകരണം നടത്തുന്ന കോളനികളിലെ ഗുണഭോക്താക്കളിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു പ്രതിനിധി : മെമ്പർമാർ

വി.ഇ.ഒ മാർ : മെമ്പർമാർ

സി.ഡി.എസ് ചെയർപേഴ്സൺ : മെമ്പർമാർ

ഭവന നിർമ്മാണ ചുമതലയുള്ള ഉദ്യോഗസ്ഥൻ / വി.ഇ.ഒ : മെമ്പർമാർ

സെക്രട്ടറി ഗ്രാമപഞ്ചായത്ത് : കൺവീനർ

**2.** കോളനിതല പ്രോഗ്രാം ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരണം :

വാർഡ് മെമ്പർ : ചെയർമാൻ

ലക്ഷം വീട് നവീകരണ കോളനികളിലെ 3 പ്രതിനിധികൾ (ഒരു വനിത/ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ ആൾ ഉണ്ടെങ്കിൽ ഒരാൾ) : മെമ്പർ


കുടുംബശ്രീ എ.ഡി.എസ് പ്രസിഡന്റ് / സെക്രട്ടറി :മെമ്പർ

സർക്കിൾ ചുമതലയുള്ള വി.ഇ.ഒ : മെമ്പർ

എഞ്ചിനീയറിംഗ് / കെട്ടിട നിർമ്മാണ വൈദഗ്ധ്യമുള്ള സന്നദ്ധ പ്രവർത്തകർ / സ്ഥാപനതല പ്രതിനിധികൾ (5) :മെമ്പർ

നിർവ്വഹണ ചുമതലയുള്ള വി.ഇ.ഒ / ഉദ്യോഗസ്ഥൻ : കൺവീനർ

ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പദ്ധതിയുടെ മേൽനോട്ടത്തിനായി പ്രത്യേകം മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്. ഇത്തരത്തിൽ രൂപീകരിക്കുന്ന കമ്മിറ്റികൾ ആയതിന്റെ മോണിറ്ററിംഗ് നടത്തേണ്ടതാണ്. വീട് പുനരുദ്ധാരണത്തിന് നിർവ്വാഹമില്ലാത്ത വിധം ദുർബലമാണെന്ന് സാങ്കേതിക പരിശോധനയിൽ വ്യക്തമായാൽ വീട് പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കേണ്ട സാഹചര്യത്തിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ഭവനം അനുവദിക്കുന്നതിനുള്ള നടപടികൾ ആലോചിക്കേണ്ടതാണ്.




## ധനകാര്യ വിശകലനം


ഭവന പുനരുദ്ധാരണത്തിന് 2 ലക്ഷം രൂപയാണ് പരമാവധി ധനസഹായമായി അനുവദിക്കുന്നത്. ഇതിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 40:20:40 എന്നീ ക്രമത്തിലാണ്. ആവശ്യമായ വീടുകൾക്കുള്ള തുക ഗ്രാമപഞ്ചായത്തുകൾ നിർബന്ധമായും നീക്കി വയ്ക്കേണ്ടതാണ്. ഇതിനനുസൃതമായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ തുക നീക്കി വയ്ക്കേണ്ടതും തുകയിൽ കുറവുള്ള സാഹചര്യം നിലവിലുണ്ടെങ്കിൽ റിവിഷൻ പ്രോജക്ടിൽ ആവശ്യമായ തുക വകയിരുത്തേണ്ടതാണ്.

ഗുണഭോക്താവിന്, 4 ഗഡുക്കളായി, അഡ്വാൻസായി തുക അനുവദിക്കേണ്ടതുണ്ട്. അവസാന ഗഡു തുക നൽകിയതിന് ശേഷം പ്രസ്തുത വീടിന്റെ പൂർത്തീകരണ ഫോട്ടോ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ഓരോ സ്റ്റേജും വി.ഇ.ഒ സർട്ടിഫൈ ചെയ്യേണ്ടതാണ്. നാലാം ഗഡു നൽകുന്നതിനായി ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം.

| ഘട്ടം | പരമാവധി നൽകാവുന്ന ശതമാനം | തുക |
|---|---|---|
| എഗ്രിമെന്റ് വയ്ക്കുമ്പോൾ | 20% | 40,000/- |
| സാധനങ്ങൾ ഇറക്കി പണി തുടങ്ങുമ്പോൾ | 30% | 60,000/- |
| തുടർ പണികൾ ചെയ്യുന്നതിനായി (നൽകിയ തുക ചെലവു ചെയ്യുന്ന ക്രമത്തിൽ) | 40% | 80,000/- |
| പണി പൂർത്തീകരണ അവസാന ഘട്ടത്തിൽ | 10% | 20,000/ |

പരമാവധി 2 ലക്ഷം രൂപയ്ക്ക് അനുസൃതമായിട്ടാണ് തുക നിശ്ചയിച്ചിരിക്കുന്നത് തുക ആവശ്യമായി വരാത്ത സാഹചര്യത്തിൽ ശതമാനത്തിന് അനുസൃതമായി ഗഡു തുക നൽകണം.

| ജില്ലാതലത്തിൽ | ആകെ പണിയേണ്ട വീടുകുളുടെ എണ്ണം | ഗ്രാമ പഞ്ചായത്ത് ആകെ തുക 80,000/- | ബ്ലോക്ക് പഞ്ചായത്ത് 40,000/- | ജില്ലാ പഞ്ചായത്ത് 80,000/- | ആകെ തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |


COLONY SCENARIO

LOCATION AND CONNECTIVITY

Karyakunnu one lakh housing colony is situated about 4.8 km from Vithura junction through Vithura Ponmudi roadway.
It is the only colony under One lakh housing scheme in Vithura Panchayat. It was sanctioned and implemented in 1995.



Figure no 15: Location map of Karyakkunu colony in Vithura Panchayat
Source: Generated from LSGD and Google Map

HISTORY OF KARYAKUNNU COLONY

The Karyakunnu housing colony was constructed through the One Lakh Housing Scheme in 1995. After that no renovations were done under any schemes.
The housing conditions has deteriorated and needs immediate assistance for renovations.

BASIC INFORMATION ABOUT THE COLONY

| SL.NO | CRITERIA | NUMBER |
|---|---|---|
| 1 | TOTAL NUMBER OF HOUSES | 20 |
| 2 | NUMBER OF OCCUPIED HOUSES | 15 |
| 3 | TOTAL POPULATION | 37 |
| 4 | MALE POPULATION | 19 |
| 5 | FEMALE POPULATION | 18 |
| 6 | 0-6 AGE GROUP POPULATION | 4 |
| 7 | OLD AGE POPULATION [60+] | 7 |
| 8 | HOUSES OWNED | 12 |
| 9 | HOUSES RENTED | 2 |

Table no 7: Basic details about Karyakkunu Colony
[Source: Field survey]

LAYOUT OF KARYAKUNNU COLONY



Figure no 16: Layout of Karyakkunu colony in Vithura Panchayat
[Source: Field survey]

ACCESS ROAD

Access road width: 2.5M
Right of way: 1M



Figure no 16: Access road between the houses are 2.5 m in width and allows vehicular entry
[Source: Field survey]

Figure no 17: Right of way which is not properly defined is a serious issue for some houses
[Source: Field survey]

RENEWAL OF ONE LAKH HOUSING COLONIES- KARYAKUNNU COLONY - VITHURA PANCHAYAT 3
SREELEKSHMY S. ROLL NO: 18. SECOND SEMESTER M.PLAN, COLLEGE OF ENGINEERING TRIVANDRUM

## സംയോജന സാധ്യതകൾ


| പ്രവർത്തി / ആസ്തി ഇനങ്ങൾ | | പദ്ധതി/ഏജൻസി | നിർവ്വഹണം |
|---|---|---|---|
| 1 | നിർമ്മാണ പ്രവർത്തനങ്ങൾ (ഭവനം) | കുടുംബശ്രീ വനിതാ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ | ഡിഎം.സി. കുടുംബശ്രീ |
| 2 | വ്യക്തിഗത ആസ്തികൾ | | |
| | 1)കക്കൂസ് നിർമ്മാണം | അന്ത്യോദയ പഞ്ചായത്തുകളിൽ മഹാത്മാഗാന്ധി .എൻ. ആർ. ഇ.ജി.എസ് പദ്ധതിയിൽ നിർമ്മിക്കാവുന്നവ | |
| | 2)ഭൂവികസനം 3)മൺ കയ്യാലകൾ 4)കിണർ നിർമ്മാണം 5)ജലകൊയ്ത്ത് 6)നിർമ്മിതികൾ 7)മഴക്കുഴികൾ 8)സോക്പിറ്റ് 9)ഗാർബേജ്പിറ്റ് 10)ബെൽറ്റ് വെജിറ്റേഷൻ | മഹാത്മാഗാന്ധി എൻ. ആർ.ഇ.ജി.എസ് പദ്ധതിയിൽ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 3 | ജീവനോപാധികളുമായി ബന്ധപ്പെട്ട വ്യക്തിഗത ആസ്തികളുടെ നിർമ്മാണം | | |
| | 1)കോഴിക്കൂട് നിർമ്മാണം 2)ആട്ടിൻകൂട് നിർമ്മാണം 3)തൊഴുത്ത് നിർമ്മാണം | മഹാത്മാഗാന്ധി എൻ. ആർ.ഇ.ജി.എസ് പദ്ധതിയിൽ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |

| | | | |
|---|---|---|---|
| 4 | സംരംഭക ഗ്രൂപ്പുകൾക്ക് അനുവദനീയമായ നിർമ്മാണ പ്രവർത്തനങ്ങൾ | | |
| | 1)വർക്ക് ഷെഡ്<br>2)മത്സ്യം ഉണക്കുന്നതിനുള്ള യാഡുകൾ | മഹാത്മാഗാന്ധി എൻ. ആർ.ഇ.ജി.എസ് പദ്ധതിയിൽ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 5 | പൊതു ആസ്തികൾ | | |
| | 1.കളിസ്ഥലം നിർമ്മാണം<br>2.ഓടകളുടെ നിർമ്മാണം<br>3.വെള്ളപ്പൊക്ക നിയന്ത്രണ സംവിധാനങ്ങൾ<br>4.പൊതു കുളം നിർമ്മാണം / നവീകരണം<br>5.കുടിവെള്ള സ്രോതസ്സുകളുടെ നവീകരണം<br>6.റോഡു നിർമ്മാണം | മഹാത്മാഗാന്ധി എൻ. ആർ.ഇ.ജി.എസ് പദ്ധതിയിൽ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 6 | ഇലക്ട്രിക് കണക്ഷൻ | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി.<br>ഡി.ഡി.യു.ജി.ജെ.വൈ | കെ.എസ്.ഇ.ബി |
| 7 | വീട് വയറിംഗ് | ജനകീയാസൂത്രണ പദ്ധതി | വി.ഇ.ഒ |
| 8 | പട്ടികജാതി വിഭാഗത്തിന് പഠനമുറി നിർമ്മാണം | പട്ടികജാതി വികസന വകുപ്പ് | പട്ടികജാതി വികസന ഓഫീസർ |
| 9 | പാചക വാതക കണക്ഷൻ | പ്രധാൻമന്ത്രി ഉജ്വൽ യോജന | ഗ്യാസ് ഏജൻസികൾ |
| 10 | കിണർ റീചാർജിംഗ് | ജില്ലാ പഞ്ചായത്തിന്റെ ജലശ്രീ പദ്ധതി / മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് | വി.ഇ.ഒ/കൃഷി ഓഫീസർ / ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 11 | കുടിവെള്ളം | കേന്ദ്ര സർക്കാരിന്റെ നാച്ചുറൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ സ്കീം (എൻ.ആർ.ഡി.ഡബ്ളിയു.എസ്) | കേരള വാട്ടർ അതോറിറ്റി |
| 12 | നൈപുണ്യ വികസനം | എൻആർഎൽഎം, എം.കെ.എസ്.പി, മഹിളാകിസാൻ സശാക്തീകരൺ പരിയോജന, RSETI, ഡി.ഡി.യു.ജി.കെ.വൈ, പ്രധാൻമന്ത്രി കൗശൽ കേന്ദ്ര | കുടുംബശ്രീ മിഷൻ / RSETI / Green Army |
| 13 | പശു, ആട്, കോഴി, മറ്റ് വളർത്തു മൃഗങ്ങൾ എന്നിവയുടെ വിതരണം | ജനകീയാസൂത്രണ പദ്ധതി | ഗ്രാമ പഞ്ചായത്ത് |
| 14 | മട്ടുപ്പാവിലെ പച്ചക്കറി കൃഷി/ ഗ്രോബാഗുകൾ പച്ചക്കറി വിത്തു വിതരണം | കൃഷി വകുപ്പ് | കൃഷി ഓഫീസർ |
| 15 | പൊതുജനാരോഗ്യം ബോധവൽക്കരണം, സൗജന്യ വൈദ്യ പരിശോധന,രോഗ നിർണ്ണയ ക്യാമ്പ്, അനുബന്ധം 3 ൽ കൊടുക്കുന്നു. | ആരോഗ്യ വകുപ്പ് | ഡി.എച്ച്.എസ്/ മെഡിക്കൽ ഓഫീസർ |
| 16 | കോളനി തലത്തിൽ പൊതു മാലിന്യ സംസ്ക്കരണ സംവിധാനം | സ്വച്ഛ് ഭാരത് മിഷൻ | ശുചിത്വ മിഷൻ |

## മോണിറ്ററിംഗ്

ഗ്രാമ - ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ രൂപീകരിച്ചിട്ടുള്ള ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പുകളും ജില്ലാതലത്തിൽ പാർപ്പിടം വർക്കിംഗ് ഗ്രൂപ്പും മോണിറ്ററിംഗ് ചുമതലകൾ വഹിക്കുന്നതാണ്.

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനം പൂർത്തിയാക്കേണ്ട തീയതി |
|---|---|---|
| 1 | ഗ്രാമ / ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർ, ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം | 21.06.2019 |
| 2 | ജില്ലാതല ശിൽപ്പശാല | 05.08.2019 |
| 3 | ഗ്രാമ പഞ്ചായത്ത് തല യോഗം | 09.08.2019 |
| 4 | കോളനിതല ഗുണഭോക്തൃ യോഗം / സ്റ്റേക്ക് ഹോൾഡറുടെ മീറ്റിംഗ് | 14.08.2019 |
| 5 | ഭവന സന്ദർശനം / സർവ്വെ | 2019 ആഗസ്റ്റ് 20 നകം |
| 6 | വീട് മെയിന്റനൻസ്, വ്യക്തിഗത ആസ്തികൾ, പൊതു ആസ്തികൾ എന്നിവയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ | 2019 സെപ്തംബർ 5 നകം |
| 7 | കോളനിതല സമഗ്ര പദ്ധതി രൂപീകരണം / അംഗീകാരം | 2019 സെപ്തംബർ 20 നകം |
| 8 | ഗുണഭോക്താക്കൾക്കായുള്ള ബോധവത്ക്കരണം / പരിശീലനം | 2019 സെപ്തംബർ 25 നകം |
| 9 | കരാർ വയ്ക്കലും ആദ്യ ഗഡു വിതരണവും | 2019 സെപ്തംബർ 30 നകം |
| 10 | പുരോഗതി വിലയിരുത്തൽ | 2019 ഒക്ടോബർ 31 |
| 11 | വീടുകളുടെ വാല്യുവേഷൻ എടുക്കലും അവസാന ഗഡു വിതരണവും | 2019 നവംബർ 20 നകം |
| 12 | ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനായി വ്യക്തിഗത ആസ്തികളുടെ നിർമ്മാണം ആരംഭിക്കൽ | 2019 ഡിസംബർ 10 നകം |
| 13 | പൊതു ആസ്തികളുടെ നിർമ്മാണാരംഭം | 2019 ഡിസംബർ 15 |
| 14 | വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കൽ | 2020 ജനുവരി 31 നകം |
| 15 | സോഷ്യൽ ആഡിറ്റ് | 2020 മാർച്ച് 10 നകം |



**അനുബന്ധം 1**

എം.എൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി
വിവരശേഖരണം തയ്യാറാക്കുന്നതിനുള്ള പ്രൊഫോർമ
(കോളനി അടിസ്ഥാനത്തിൽ തയ്യാറാക്കുക)

പരിശോധന നടത്തിയ തീയതി : ..................................................................
തിരുവനന്തപുരം ജില്ല
ബ്ലോക്ക് പഞ്ചായത്ത് : ......................................................................................

| | |
|---|---|
| തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് | |
| വാർഡിന്റെ പേരും നമ്പരും | |
| ലക്ഷം വീട് കോളനിയുടെ പേര് | |
| കോളനിയിലെ വീടുകളുടെ എണ്ണം | |
| കോളനിയുടെ ആകെ വിസ്തീർണം | |
| പുനരുദ്ധാരണം നടത്തേണ്ട വീടുകളുടെ എണ്ണം | |
| മേൽക്കൂര പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം | |
| ടാറിട്ട റോഡിൽ നിന്നും കോളനിയിലേക്കുള്ള അകലം (മീറ്റർ) | |
| നിലവിലുള്ള പൊതു സൗകര്യങ്ങൾ | |
| കോളനി വൈദ്യുതീകരിച്ചിട്ടുണ്ടോ | |
| നടപ്പാത നിർമ്മിക്കേണ്ട ആവശ്യമുണ്ടോ | |
| പൊതു കിണർ ഉണ്ടോ | |
| പൈപ്പ്ലൈൻ / കുടിവെള്ളം ലഭ്യമായിട്ടുള്ള കുടുംബം | |
| പുനരുദ്ധാരണം നടത്തേണ്ടതില്ലാത്ത വീടുകളുടെ എണ്ണം | |

**ഓവർസിയർ**
**എൽ.എസ്.ജി.ഡി**
**എഞ്ചിനീയറിംഗ് വിഭാഗം**

**വി.ഇ.ഒ**
**/ നിർവ്വഹണ ഉദ്യോഗസ്ഥൻ**

## തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് ലഭിച്ച

# അഭിമാനപുരസ്കാരങ്ങൾ

2018 രക്ഷ പദ്ധതിയിലൂടെ വേൾഡ് ഗിന്നസ് റെക്കോഡ്.

2017 – 18 വർഷത്തെ മികച്ച ജില്ലാപഞ്ചായത്തിനുള്ള കേന്ദ്ര സർക്കാരിന്റെ ദീൻദയാൽ ഉപാദ്ധ്യായ സശാക്തീകരൺ പുരസ്കാരം.

2017 – 18 വർഷത്തെ മികച്ച ജില്ലാപഞ്ചായത്തിനുള്ള സംസ്ഥാന സർക്കാരിന്റെ സ്വരാജ്ട്രോഫി,
2018 – 19 വർഷത്തെ മികച്ച ജില്ലാപഞ്ചായത്തിനുള്ള സംസ്ഥാന സർക്കാരിന്റെ സ്വരാജ്ട്രോഫി.

2017 – 18 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മികച്ച ജനപ്രതിനിധിക്കുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിഭാപുരസ്കാരം തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റിന് ലഭിച്ചു.




വേൾഡ് ഗിന്നസ് റെക്കോഡ്.
2018



സ്വരാജ്ട്രോഫി
2017 – 18, 2018 – 19




ദീൻദയാൽ ഉപാദ്ധ്യായ
സശാക്തീകരൺ പുരസ്കാരം
2017 – 18




പ്രതിഭാപുരസ്കാരം
2017 – 18

District Panchayath Media Cell